ചെറുകഥ

## ഒരു സ്വപ്നംപോലെ

നന്ദഗോപൻ ഓഫീസിൽ നിന്നുമിറങ്ങി ബൈക്ക് സ്റ്റാർട്ട് ചെയ്തപ്പോൾ മൊബൈൽ റിംഗ്ചെയ്തു സ്ക്രീനിൽ രഞ്ജിനിയുടെ ചിത്രം.

പാവം ഇത്രയുംനേരം വിളിക്കാത്തതിന്റെ പരിഭവങ്ങൾ ഇപ്പോൾ കേൾക്കാം. നന്ദൻ ഫോൺ ഹെൽമെറ്റിനിടയിലൂടെ തിരുകി ചെവിയോടു ചേർത്തു. വണ്ടി മെല്ലെ മുൻപോട്ട് നീങ്ങിതുടങ്ങി ഒപ്പം അവരുടെ സംഭാഷണവും.

നന്ദഗോപന്റെയും രഞ്ജിനിയുടെയും വിവാഹത്തിന് ഇനി രണ്ടുമാസംകൂടി ബാക്കിയുണ്ട്.

രണ്ടുപേർക്കും എപ്പോഴും പരസ്പരം  സംസാരിച്ചുകൊണ്ടിരിക്കണം.

റോഡിലെ സിഗ്നൽലൈറ്റിൽ ചുവപ്പ് തെളിഞ്ഞപ്പോൾ നന്ദൻ ബൈക്ക് ഇടതുവശത്തേക്ക് ഒതുക്കി. രഞ്ജിനിയോടു സംസാരിക്കുമ്പോൾ യാദൃശ്ചികമായി സൈഡിലുള്ള മുന്നറിയിപ്പ് ബോർഡിൽ മിഴികൾ ഉടക്കി.

മദ്യപിച്ച് വാഹനമോടിക്കരുത്, വാഹനമോടിക്കുമ്പോൾ  മൊബൈൽഫോൺ ഉപയോഗിക്കരുത്.

നന്ദൻ പുച്ഛത്തോടെ ചിരികോട്ടി.

പച്ച സിഗ്നൽ തെളിഞ്ഞപ്പോൾ വീണ്ടും യാത്ര തുടർന്നു.

അടുത്ത വളവിൽ... പെട്ടെന്ന്  അപ്രതീക്ഷിതമായി  എതിർവശത്തുനിന്നും ഒരു ടിപ്പർ ലോറി. ഒരു മിന്നായംപോലെ കണ്ടു ടയറുകൾ റോഡിലുരയുന്ന ശബ്ദം പിന്നെ ആരോ എടുത്തെറിയുംപോലെ വായുവിലേക്കുയർന്നുപോയി. എവിടെയോ തലയിടിച്ചു ഹെൽമെറ്റ് ചിതറിത്തെറിച്ചു. പിന്നെ കാഴ്ചമറയുന്നു. എങ്ങും കൂരിരുട്ടു മാത്രം.

ദിവസങ്ങൾ എത്ര കഴിഞ്ഞിട്ടുണ്ടാവും...

ഇപ്പോൾ തനിയെ നടക്കുവാനാകും പക്ഷെ ആരുടേയും സംസാരഭാഷ മനസ്സിലാകുന്നില്ല താൻ പറയുന്നതും ആർക്കും മനസ്സിലാകുന്നില്ല ഒന്നും ഓർമ്മയിൽ ഇല്ല രഞ്ജിനിയെ ഒന്ന് കാണുവാൻ ആഗ്രഹം ഉണ്ട്. പക്ഷെ ആരോട് എങ്ങനെ പറയും അക്ഷരങ്ങൾ പോലും ഓർമ്മയിലില്ല.

ഒന്ന് നടന്നിട്ടുവരാം.

നന്ദഗോപൻ പാടവരമ്പിലൂടെ നടന്നു സൂര്യൻ പടിഞ്ഞാറെദിശയിലേക്ക് ചായുന്നു.

അയാൾ അമ്പലപ്പറമ്പിലെ ആൽമരത്തിന് സമീപത്തെത്തി പിന്നെ ആ

കൽക്കെട്ടുകളിലേക്കിരുന്നു.

തനിക്ക് എന്താണ് സംഭവിച്ചത് അപകടത്തിൽ തലയ്ക്ക് അടിയേറ്റിരുന്നു അതുകൊണ്ടാവുമോ ഭാഷ മറക്കുന്നത് ഓർമ്മകളിൽ ആ രംഗങ്ങൾ ഓരോന്നായി മിന്നിമറഞ്ഞപ്പോൾ അയാൾ കണ്ണുകൾ ഇറുകെയടച്ചു. സങ്കടത്താൽ കണ്ണീർക്കണങ്ങൾ നിലത്തുവീണു ചിതറി...

'ഹേ മനുഷ്യാ എന്തിനാണ് നിങ്ങൾ വിലപിക്കുന്നത്.'

ആരുടെയോ ശബ്ദം തൊട്ടരികിൽ കേട്ടപ്പോൾ നന്ദഗോപൻ ആകാംക്ഷയോടെ കണ്ണുകൾ തുറന്നു തനിക്ക് ഭാഷ മനസ്സിലാകുന്നു. ദൈവമേ ആരാണത്. അയാൾ ചുറ്റും നോക്കി ആരെയും കാണുന്നില്ലല്ലോ.

ദാ... ഇവിടെ ഞാനാണ് ഇങ്ങോട്ട് നോക്കു... ശബ്ദംകേട്ട ഭാഗത്തേക്ക് അയാൾ ഞെട്ടിത്തിരിഞ്ഞു അവിടെ ഒരു കുരങ്ങ് തന്നെയും നോക്കിയിരിക്കുന്നു.

ഹേ നിനക്കെങ്ങനെ മനുഷ്യനെപ്പോലെ സംസാരിക്കുവാനാകുന്നു അയാൾ ആകാംക്ഷയോടുകൂടി ചോദിച്ചു. അല്ലയോ മനുഷ്യാ ഞാൻ ജന്തുക്കളുടെ ഭാഷയാണ് പറയുന്നത് അത് താങ്കൾ തിരിച്ചറിയുന്നു അതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇപ്പോൾ താങ്കളിൽ മനുഷ്യർ പുച്ഛത്തോടെ ജന്തുക്കൾ എന്ന് വിളിക്കുന്ന ഞങ്ങളുടെ ഭാഷയാണുള്ളത് അത് ദൈവഹിതം.

നന്ദഗോപന്റെ മനസ്സിൽ വിവിധ വികാരങ്ങളുടെ വേലിയേറ്റം അനുഭവപ്പെട്ടു. അത് മനസ്സിലാക്കിയിട്ടെന്നവണ്ണം വാനരൻ തുടർന്നു. നിങ്ങൾ വിഷമിക്കേണ്ട നിങ്ങളിൽ ചില നിയോഗങ്ങൾ ഉണ്ട് അതാണ് ഈ അവസ്ഥയ്ക്കു കാരണം.

ഞാൻ... ഞാനെന്താണ് വിളിക്കേണ്ടത് നന്ദഗോപന്റെ ശബ്ദത്തിൽ നേരിയ വിറയൽ ബാധിച്ചിരുന്നു. ഓ... അത് പറയുവാൻ മറന്നു നിങ്ങൾക്കെന്നെ കപിലൻ എന്ന് വിളിക്കാം നിങ്ങളുടെ നാമം എനിക്കറിയാം ഞാൻ നന്ദൻ എന്ന് വിളിച്ചുകൊള്ളാം.

കപിലാ എനിക്കെന്താണ് ഇങ്ങനെ സംഭവിക്കുവാൻ കാരണം ദയവായി ഒന്ന് പറഞ്ഞുതരുമോ നന്ദന്റെ യാചനകേട്ട് കപിലൻ പറഞ്ഞുതുടങ്ങി.

നന്ദാ.... പ്രപഞ്ചത്തിലെ ഏറ്റവും ദുഷിച്ച ജീവി എന്റെ പിൻഗാമികളായ മനുഷ്യരാണെന്ന് പറയുമ്പോൾ എനിക്ക് ലജ്ജയുണ്ട്. ഞങ്ങളിൽ നിന്നും പരിണാമം ഉണ്ടാകുന്നത് വരെ നമ്മുടെ കുലം സത്യസന്ധമായിരുന്നു. പക്ഷെ ഈശ്വരൻ തന്ന നന്മകൾ മനുഷ്യർ ദുർവിനിയോഗം ചെയ്യുന്നു. ദൈവത്തെപ്പോലും ചോദ്യം ചെയ്യുന്ന പ്രപഞ്ചത്തിലെ ഒരേയൊരു ജീവി മനുഷ്യനാണ്.

ഇനി നന്ദന്റെ കാര്യം പറയാം അത് എന്റെ നിയോഗം.

കഴിഞ്ഞ ജന്മവുമായി ബന്ധപ്പെട്ട കഥയാണ് നന്ദാ നിന്റെ ഇപ്പോഴത്തെ ഈ അവസ്ഥയ്ക്ക് കാരണം.

കഴിഞ്ഞ ജന്മത്തിൽ നീയൊരു അറവുകാരനായിരുന്നു. പാവം മൃഗങ്ങളെ കൊന്ന്

അവയുടെ മാംസം വിറ്റു ജീവിച്ചവൻ.

ഒരിക്കൽ നിന്റെ അറവുശാലയിലെത്തിയ ഒരു സാധു പശു 'മച്ചിപ്പശു' എന്ന് മുദ്ര ചാർത്തപ്പെട്ട പാവം.

പക്ഷേ, അവൾ ഗർഭിണി ആയിരുന്നു. തന്റെ വയറ്റിലെ ജീവന്റെ തുടിപ്പിനെ തിരിച്ചറിഞ്ഞ അവൾ അന്ന് നിന്നോട് ഒരുപാട് കരഞ്ഞുപറഞ്ഞു ഞാനെന്റെ കിടാവിനു ജന്മം നൽകിയശേഷം തന്നെ കൊന്നുകൊള്ളു എന്ന്. ആ പശുവിന്റെ ഗർഭത്തിലുണ്ടായിരുന്ന കിടാവും അന്ന് ഉള്ളിൽ കിടന്ന് അപേക്ഷിച്ചു എന്നെ ഭൂമിയിൽ പിറക്കുവാൻ അനുവദിക്കണേ എന്ന്.

അവിടെ ആവശ്യത്തിന് അറവുമാടുകൾ ഉണ്ടായിരുന്നിട്ടും അന്ന് നീ തിടുക്കപ്പെട്ട് ആ പശുവിനെ കൊന്നു. ജീവൻ വെടിയുന്ന സമയത്ത് ആ പശു ഇങ്ങനെ വിലപിക്കുന്നുണ്ടായിരുന്നു ദൈവമേ, എന്റെ മൊഴികൾ മനുഷ്യന് മനസ്സിലായിരുന്നുവെങ്കിൽ എന്ന്.

നിങ്ങളുടെ കുലത്തിൽ അറിവുള്ളവർ പറയാറില്ലേ... താൻ താൻ നിരന്തരം ചെയ്യും കർമ്മങ്ങൾ തൻ ഫലം താൻ തന്നെ അനുഭവിച്ചേ തീരു എന്ന്.

ആ കർമ്മഫലം ജന്മങ്ങൾ താണ്ടിയും പിൻതുടരും.

ഇന്ന് നന്ദൻ ആഗ്രഹിക്കുന്നില്ലേ താങ്കൾ പറയുന്നത് മറ്റ് മനുഷ്യർ മനസ്സിലാക്കിയിരുന്നുവെങ്കിൽ എന്ന്.

ഇന്ന് അവരുടെ മുന്നിൽ നീ വെറും ഭ്രാന്തൻ.

അവിടെയും തീർന്നില്ല നിന്റെ ദുഷ്കർമ്മം നിന്റെ അറവുശാലയുടെ അടുത്ത് ഒരു അമ്മയും സംസാരശേഷിയില്ലാത്ത മകളുമുണ്ടായിരുന്നു. ആ കുട്ടിയുടെ പിതാവിനെ ഒരുകൂട്ടം മനുഷ്യർ ചേർന്ന് വെട്ടി കൊലചെയ്തതാണ് ജന്തുക്കൾ പരസ്പരം കൊല്ലുന്നത് ആഹാരത്തിനു വേണ്ടിയാണ് പക്ഷേ, മനുഷ്യർ അങ്ങനെയല്ലല്ലോ.

അന്നൊരിക്കൽ ലഹരിക്കടിമപ്പെട്ട നീ പാതിരാത്രിയിൽ ആ പാവം സ്ത്രീയെ നിന്റെ കാമസംതൃപ്തിക്കായി ബലമായി ഭോഗിച്ചു. അതുകണ്ട് ആ പെൺകുട്ടി ഉറക്കെ നിലവിളിക്കുവാൻ ശ്രമിച്ചെങ്കിലും സംസാരശേഷിയില്ലാത്ത അവളുടെ രോദനം വെറും അലകളായി ഇരുളിൽ ലയിച്ചു.

നിന്റെ ആക്രമണത്തിൽ ആ അമ്മ ബോധമറ്റു കിടക്കുമ്പോൾ നീ നിന്റെ മകളുടെ പ്രായം മാത്രമുള്ള ആ പെൺകുട്ടിയേയും കയറിപ്പിടിച്ചു ജീവൻ പറിച്ചെടുക്കുന്ന വേദനയോടെ ആ കുട്ടി നിന്നോട് യാചിച്ചതെന്തായിരുന്നു.

അതറിയണമെങ്കിൽ നന്ദാ നിനക്ക് പൂർവ്വ ജന്മസ്മൃതി ഉണ്ടാവണം ഒരു നിമിഷം അത് നിനക്ക് ഞാൻ കാട്ടിത്തരാം അങ്ങനെ പറഞ്ഞുകൊണ്ട് കപിലൻ നന്ദന്റെ ശിരസ്സിന് മീതെ, തന്റെ കൈ അമർത്തി...

അടുത്ത നിമിഷം നന്ദൻ തന്റെ മനോമുകുരത്തിൽ ആ ദൃശ്യങ്ങൾ കണ്ടു...!

ചുവന്ന ഉണ്ടക്കണ്ണും ഇടതു കണ്ണിനുതാഴെ അരിമ്പാറ പോലെ കറുത്ത മറുകുമുള്ള ഒരു മനുഷ്യൻ കൈയ്യിൽ മൂർച്ചയേറിയ ഒരു വലിയ കത്തി. തന്റെ മുഖത്തോട് സാമ്യമുള്ള രൂപം.

എന്നെ കൊല്ലരുതേ... എന്ന് യാചിക്കുന്ന ഒരു പശു അതിന്റെ ഗർഭത്തിൽ കിടക്കുന്ന കിടാവ് തന്നോട്, ജനിക്കുവാനുള്ള സ്വാതന്ത്ര്യം യാചിക്കുന്നു...

പശുവിന്റെ കണ്ണുകളിൽ നിന്നും ഒഴുകി വരുന്ന കണ്ണീർപ്രവാഹത്തിൽ താൻ മുങ്ങിപ്പോകുമെന്നവൻ ഭയപ്പെട്ടു.

നന്ദന്റെ ശരീരം വെട്ടിവിറച്ചു വീണ്ടും അടുത്ത കാഴ്ചകൾ തെളിയുന്നു...

ദാരിദ്ര്യത്തിന്റെ കരിനിഴൽ വീണ, ഒറ്റ മുറിയും അടുക്കിളയും ഉള്ള ഒരു വീട് അവിടെ പട്ടിണിക്കോലങ്ങളായ ഒരമ്മയും മകളും.

മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ, ഒരു അസ്ഥിപ്പിഞ്ഞാണത്തിൽ അല്പം കഞ്ഞിയും കാന്താരിമുളകുപൊട്ടിച്ച ചമ്മന്തിയും ചേർത്ത് മകൾക്കു കൊടുത്തിട്ട് ഒരു സ്റ്റീൽമൊന്തയിൽ നിറയെ കഞ്ഞിവെള്ളവും അഞ്ചാറുവറ്റും എടുത്ത് ഉപ്പിട്ടു കലക്കികുടിക്കുന്ന ആ സ്ത്രീ.

അരവയർനിറച്ച്, ചെറിയ വീടിന്റെ വാതിൽ അടച്ചിട്ട് നിലത്ത് തഴപ്പായ വിരിച്ച് മകളെയും ചേർത്തുപിടിച്ച് ആ സ്ത്രീ ഉറങ്ങുവാനായി കിടക്കുന്നു.

അപ്പോൾ കതക് ചവിട്ടിപ്പൊളിച്ചുകൊണ്ട് ഒരാൾ കയറിവന്നു. മണ്ണെണ്ണവിളക്കിന്റെ നേരിയ വെളിച്ചത്തിൽ അയാളുടെ ഇടതുകണ്ണിനു താഴെ ആ കറുത്തമറുക് അത് താൻ തന്നെയല്ലേ.

ഇരുളിൽ ആ സ്ത്രീയെ പകയോടെ പ്രാപിക്കുന്ന കശാപ്പുകാരൻ ശബ്ദമില്ലാതെ നിലവിളിക്കുന്ന പാവം പെൺകുട്ടി... ശക്തിക്ഷയിച്ചുബോധമറ്റ് ആ അമ്മ കിടക്കുമ്പോൾ ആ പെൺകുട്ടിയേയും അയാൾ നിഷ്കരുണം കടിച്ചുകീറുന്നു. കുഞ്ഞിളം മാറിലും തുടകളിലുമൊക്കെ അയാൾ ദന്തക്ഷതം ഏൽപ്പിക്കുന്നു. പിന്നെ ഒരു കാളക്കൂറ്റനെപ്പോലെ പുറത്തെ ഇരുളിലേക്ക് നടന്നുമറയുന്ന അയാൾ.

ഇരുൾ മാഞ്ഞുപോയപ്പോൾ വീടിന്റെ കഴിക്കോലിൽ ചേതനയറ്റ് തൂങ്ങിനിൽക്കുന്ന അമ്മയുടെ ശരീരം ആ പാദങ്ങൾക്ക് താഴെ കണ്ണീരുണങ്ങിപ്പിടിച്ച മുഖവുമായി ആ പെൺകുട്ടി! അവളുടെ നിർവ്വികാരമായ മുഖം.

ആത്മ നിന്ദയാൽ നന്ദഗോപൻ സ്വയം ശപിച്ചു. കപിലൻ അയാളുടെ ശിരസ്സിൽനിന്നും കൈ എടുത്തു. നന്ദാ എന്നിലൂടെ നിങ്ങളിപ്പോൾ കണ്ടത് നിങ്ങളുടെ പൂർവ്വജന്മം. മിണ്ടാപ്രാണികൾ എന്ന് നിങ്ങൾ പറയുന്നവരുടെ ശാപം... ഞാൻ പറഞ്ഞുവല്ലോ ജന്മങ്ങൾതാണ്ടിയും അത് പിൻതുടരും.

ആൽമരക്കൊമ്പിലിരുന്ന കരിലക്കിളികൾ കൂട്ടത്തോടെ പറഞ്ഞു ഹോ എത്ര നീചമായ കർമ്മങ്ങൾ അത് കേട്ട് നന്ദഗോപൻ ശിരസ്സുകുമ്പിട്ടിരുന്നു മുൻജന്മ പാപങ്ങളോർത്ത് അയാൾ പൊട്ടിക്കരഞ്ഞു.

നന്ദാ ഇനി നിങ്ങൾക്ക് ചെയ്യുവാൻ ചില കർമ്മങ്ങൾ ഉണ്ട് കപിലൻ തുടർന്നു.

ഇവിടെ തൊട്ടടുത്ത ഗ്രാമത്തിൽ, പൂർവ്വജന്മത്തിൽ താങ്കൾ നശിപ്പിച്ച ആ പെൺകുട്ടിയും അവളിൽ നിങ്ങൾക്ക് ജനിച്ച മകളും ഉണ്ട് മകൾക്ക് ഇപ്പോൾ നന്ദനോളം പ്രായം ഉണ്ട് സംസാരശേഷിയില്ലാത്ത ആ അമ്മയോടൊപ്പം അവൾ വളരെ കഷ്ടപ്പാടുകൾ സഹിച്ചാണ് ജീവിക്കുന്നത്.

അന്ന് നിങ്ങൾ സാമ്പാദിച്ചുകൂട്ടിയ സ്വർണ്ണനാണയങ്ങൾ അവിടെ ഒരിടത്ത് ഇപ്പോഴും ഭദ്രമായിട്ടിരിപ്പുണ്ട്. ഞാൻ പറയുംപോലെ നിങ്ങൾ അവിടെച്ചെന്ന് അതെടുത്ത് അവർക്ക് കൊടുക്കണം അവർ നിങ്ങളെ കാണുവാൻ ഇടയാകരുത് അവർ കാണാതെ രാത്രിയിൽ അവരുടെ വീടിന്റെ വാതിൽപ്പടിയിൽ കൊണ്ടുവെയ്ക്കുക. ഒരു രാത്രിയിൽ ചെയ്ത പാപത്തിന് മറ്റൊരു രാത്രി അല്പമെങ്കിലും പരിഹാരമാവട്ടെ.

കപിലൻ പറഞ്ഞുകൊടുത്ത അടയാളവും സ്ഥലവുമെല്ലാം നന്ദഗോപൻ മനസ്സിൽ കുറിച്ചിട്ടു. നാളെത്തന്നെ പോകണം എന്ന ഉറച്ച തീരുമാനത്തോടെ.

നന്ദാ... ഒരുകാര്യംകൂടി ഓർത്തുകൊള്ളുക. നാവില്ലാപ്രാണി എന്ന് മനുഷ്യർ പറയുന്ന ഒരു ജീവിയും പ്രപഞ്ചത്തിൽ ഇല്ല...

അവരുടെ കണ്ണുകളിൽ നോക്കുക. അവിടെ ദയ യാചിക്കുന്ന ഭാവം ആർക്കും കാണുവാനാകും. എല്ലാ ജീവജാലങ്ങളുടെയും ഭാഷ ഹൃദയത്തിൽ നിന്നുമാണ് ഉദ്ഭവിക്കുന്നത്. അത് ഹൃദയമുള്ളവർക്ക് മനസ്സിലാകും. കണ്ണുകളിൽ യാചന, നായയുടെ വാലിൽ സ്നേഹത്തിന്റെ ഭാഷ, മുട്ടിയുരുമ്മുന്ന മാർജ്ജാര വർഗ്ഗത്തിന്റെ സ്നേഹം അതെല്ലാം ഭാഷകളാണ് എന്നറിയുക.

ഒരുപക്ഷെ ഞാൻ പറഞ്ഞുതന്ന കാര്യങ്ങൾ പ്രാവർത്തികമാക്കിക്കഴിയുമ്പോൾ നിങ്ങളിൽ മനുഷ്യഭാഷ തിരിച്ചെത്തിയേക്കാം.

അപ്പോൾ, ഇവിടെ ഇപ്പോൾ നടന്നകാര്യങ്ങൾ ഒരു സ്വപ്നംപോലെ ഇടയ്ക്ക് ഓർമ്മയിൽ വരും എന്നാൽ ഒരിക്കലും അതിന്റെ പൊരുൾ തേടി അലയരുത്. എന്റെ കർത്തവ്യം കഴിഞ്ഞു നന്ദൻ ഇനി മടങ്ങുക നല്ലത് വരട്ടെ.

ആൽമരത്തിന്റെ ചില്ലകളിലൂടെ അടുത്ത മരങ്ങളിലേക്കു ചാടിമറയുന്ന കപിലനെ നന്ദഗോപൻ നിർന്നിമേഷനായി നോക്കി നിന്നു. അസ്തമയസൂര്യന്റെ ചുവപ്പുരാശിയുടെ പശ്ചാത്തലത്തിലൂടെ കപിലൻ ദൂരെ. ദൂരേക്ക് പോയ്മറഞ്ഞു.

നന്ദേട്ടാ നമുക്ക് ആലിനു പ്രദക്ഷിണം വെച്ചുവരാം...

രഞ്ജിനി ആകെ സന്തോഷത്തിലാണ്.

ആപത്തുകളെല്ലാം ഒഴിഞ്ഞുപോയി നന്ദേട്ടന് സംസാരശേഷി തിരിച്ചുകിട്ടി എന്നറിഞ്ഞപ്പോൾ നേർന്നതാണ്. കല്യാണം കഴിഞ്ഞാൽ നന്ദേട്ടന്റെ ഗ്രാമത്തിലെ അമ്പലത്തിൽ പോയി വഴിപാടുകൾ നടത്തിക്കൊള്ളാം എന്ന് ഒരുവേള വിവാഹം മുടങ്ങിപ്പോകുമോ എന്നുപോലും ഭയന്നു. ഒന്നോർത്താൽ അന്നത്തെ അപകടത്തിന് കാരണക്കാരി താനാണല്ലോ.

നന്ദേട്ടൻ വണ്ടിഓടിക്കുമ്പോഴും തന്നോടു സംസാരിച്ചുകൊണ്ടിരിക്കണം എന്ന വാശി.

അന്ന് വീടെത്തിയിട്ട് വിളിച്ചാൽ മതി എന്ന് ഒരുവാക്ക് പറഞ്ഞാൽ മതിയായിരുന്നു പോട്ടെ ഇനി അങ്ങനേ ചെയ്യൂ...

ആൽമരത്തിന് ഒരു വലം വെച്ചുകഴിഞ്ഞപ്പോൾ നന്ദന് എന്തോ വയ്യാഴിക പോലെ തോന്നി. അയാൾ രഞ്ജിനിയോടൊപ്പം ആൽത്തറയിൽ ഇരുന്നു മനസ്സിൽ എന്തോ ചില അവ്യക്തമായ ഓർമ്മകൾ.. ഒരു കുരങ്ങനും കുറേ കരീലപ്പക്ഷികളുമൊക്കെ വന്നുനിറയുന്നു.

അവിടെയിരുന്ന കഷായവേഷധാരിയായ വൃദ്ധഅന്തേവാസിയോട് നന്ദൻ ചോദിച്ചു ചേട്ടാ ഇവിടെ കുരങ്ങ് വരാറുണ്ടോ?

പഞ്ഞിക്കെട്ടുപോലെ നരച്ച നീണ്ട താടിരോമങ്ങളിൽ വിരലുകളോടിച്ചുകൊണ്ട് ഒരു ചേറുപുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു. കുഞ്ഞേ കുറെ വർഷങ്ങളായി ഞാനിവിടെയുണ്ട് ഇതുവരെ ഞാനിവിടെ കുരങ്ങിനെ കണ്ടിട്ടില്ല. നന്ദൻ എന്തോ ഓർത്തെടുക്കുവാൻ ശ്രമിച്ചു.

നന്ദേട്ടാ നമുക്ക് നാലമ്പലത്തിനകത്തു കയറി തൊഴുത് വഴിപാട് നടത്തണം വരൂ പോകാം രഞ്ജിനിയുടെ വാക്കുകൾ അയാളെ ചിന്തകളിൽ നിന്നുമുണർത്തി. ആ വൃദ്ധന് ഒരുനേരം ആഹാരത്തിനുള്ള തുക കൈയ്യിൽ കൊടുത്തു. പണം രണ്ടുകൈകളും നീട്ടി വാങ്ങി നല്ലതുവരും മക്കളെ എന്നയാൾ പറയുമ്പോൾ നന്ദനും രഞ്ജിനിയും നാലമ്പലത്തിനുള്ളിലേക്ക് നടക്കുകയായിരുന്നു.

ഏതോ ഓർമ്മകൾ വീണ്ടും മനസ്സിനെ പിന്നോട്ടുവലിച്ചപ്പോൾ നന്ദഗോപൻ ഇടയ്ക്ക് പിൻതിരിഞ്ഞു നോക്കി.

അന്തേവാസിയായ വൃദ്ധൻ ഇരുന്ന സ്ഥലം ശൂന്യം... ഇത്ര പെട്ടെന്ന് അതെങ്ങനെ സംഭവിച്ചു.

ചിന്തകൾ ഉണർത്തിയ ഞടുക്കത്തിൽ നിൽക്കുമ്പോൾ... ചുവപ്പ് രേഖകൾക്കിടയിലൂടെ പടിഞ്ഞാറേ ചക്രവാളത്തിലേക്ക് മരച്ചില്ലകളിലൂടെ ചാടിമറയുന്ന ഒരു കുരങ്ങിന്റെ അവ്യക്തചിത്രം നന്ദഗോപന്റെയുള്ളിൽ ഒരു സ്വപ്നത്തിലെന്നപോലെ തെളിഞ്ഞു നിന്നിരുന്നു.

ശുഭം